6-മേൽനിശ്ചയിച്ച ലൈസൻസ്ഫീസിന് പുറമെ മുറികളിൽ ഉപയോഗിക്കുന്നതായ വൈദ്യുതി ചാർജ്ജ് വക കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലേക്ക് മാസാമാസം ബിൽപ്രകാരം അടക്കേണ്ടതായ സംഖ്യ യാതൊരു വീഴ്ചയും കൂടാതെ 1-ാം പാർട്ടി യഥാസമയം സ്വന്തം ചെലവിൽ 2-ാം പാർട്ടിയുടെ പേരിൽ അടച്ചു രസീതി വാങ്ങേണ്ടതാണ്.

7-ഈ ലൈസൻസിന്റെ കാലാവധിയായ ഇന്നുമുതൽ 11 മാസത്തേക്ക് മൊത്തം നിശ്ചയിച്ചിട്ടുള്ള ലൈസൻസ്ഫീ **13750** രൂപയുടെ മാസവീഹിത പ്രകാരം ഓരോ മാസവും **1250** രൂപ പ്രകാരം 1-ാം പാർട്ടി 2-ാം പാർട്ടിക്ക് കൊടുക്കേണ്ടതാണ്.

8-കാലാവധി കഴിയുന്നതോടെ ഈ ലൈസൻസ് റദ്ദാവുന്നതാണ്. അവധി കഴിഞ്ഞാലും തുടർച്ചയായി മൂന്ന് മാസം വാടക കുടിശ്ശിക വരുത്തിയാലോ മറ്റു കാരണങ്ങളാൽ ലൈസൻസ് റദ്ദായാലും 1-ാം പാർട്ടിക്ക് മുറിയിലേക്കുള്ള പ്രവേശനം നിഷേധിക്കപ്പെടുന്നതും 2-ാം പാർട്ടിയുടെ അനുവാദത്തോട്കൂടി 1-ാം പാർട്ടിയുടെ സാധനങ്ങളോ ഫർണ്ണിച്ചറുകളോ മറ്റോ വല്ലതും ഉണ്ടെങ്കിൽ 1-ാം പാർട്ടി സ്വന്തം ചെലവിൽ ആയത് നീക്കം ചെയ്യേണ്ടതുമാണ്.

9-കെട്ടിടനികുതി ലോക്കൽ അതോറിറ്റിയ്ക്കു 2-ാം പാർട്ടി തന്നെ അടക്കേണ്ടതും ആയതിന്ന് 1-ാം പാർട്ടിക്ക് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല. കെട്ടിടം എപ്പോഴും ഭംഗിയായും സുരക്ഷിതമായും സൂക്ഷിക്കേണ്ടതും യഥാകാലങ്ങളിൽ ആവശ്യമായിവരുന്ന അറ്റകുറ്റപണികൾ 1-ാം പാർട്ടി തന്നെ ചെയ്യിക്കേണ്ടതും 2-ാം പാർട്ടിയുടെ രേഖാമൂലമുള്ള അനുവാദമില്ലാതെ മാറ്റങ്ങൾ വരുത്തുവാനോ അറ്റകുറ്റപണികൾ ചെയ്യാനോ കെട്ടിടത്തിന്റെ ഉറപ്പിനോ ഭംഗിക്കോ ദോഷമോ കുറവോ വരുന്ന യാതൊരുവിധ പ്രവൃത്തികളും ചെയ്യുവാൻ 1-ാം പാർട്ടിക്ക് അധികാരവകാശമില്ലാത്തതുമാകുന്നു.

10-ഈ ലൈസൻസിന്റെ കാലാവധി കഴിഞ്ഞാൽ ഇരു പാർട്ടിക്കും സമ്മതമെങ്കിൽ രേഖാമൂലം കാലാവധി പുതുക്കാവുന്നതും അങ്ങിനെ പുതുക്കുന്നപക്ഷം തുടർന്നുള്ള ഓരോ വർഷത്തിലും 10% വീതം ലൈസൻസ്ഫീ വർദ്ധിപ്പിച്ചു തരേണ്ടതും പുതുക്കിയ കാലാവധിക്ക് ഈ എഗ്രിമെന്റിലെ നിശ്ചയങ്ങളും കൂടാതെ പുതിയ നിശ്ചയങ്ങൾ വല്ലതും ഉണ്ടെങ്കിൽ ആയതും ഉൾപ്പെടുത്തി സമ്മതിച്ച പുതിയ എഗ്രിമെന്റ് ഒപ്പിടേണ്ടതുമാണ്.

1-ാം പാർട്ടി

..............................................

2 -ാം പാർട്ടി

K-Aboo

..............................................